**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 110** **04-10-2021 - ൽ മറുപടിയ്ക്ക്**

**സൈബർ സുരക്ഷ സംബന്ധിച്ച ബോധവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പഠനം, തൊഴിൽ, യോഗങ്ങൾ, അപേക്ഷകൾ തുടങ്ങിയവ ഓൺലൈനിലേയ്ക്ക് മാറിയ സാഹചര്യത്തിൽ സൈബർ ആക്രമണങ്ങളിലും ചതിയിലും സാധാരണക്കാർ ഇരയാകാൻ സാധ്യത വർദ്ധിച്ചത് കണക്കിലെടുത്ത് സൈബർ സുരക്ഷ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടികൾ ആസൂത്രണം ചെയ്യാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഇക്കാര്യം കണക്കിലെടുത്ത് കേരള പോലീസിന്റെ ഔദ്യോഗിക സാമൂഹിക മാധ്യമ അക്കൗണ്ടുകൾ വഴി നിരന്തരം സൈബർ സുരക്ഷ നിർദ്ദേശങ്ങൾ നൽകി വരുന്നു. പോലീസിന്റെ വിവിധ സൈബർ വിഭാഗങ്ങൾ, സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ, സൈബർ ഡോമുകൾ, സോഷ്യൽ മീഡിയ സെൽ, ഹൈടെക് സെൽ എന്നിവകൾ വഴി സ്കൂളുകൾ, കോളേജുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയ്ക്കായി നിരന്തരം ബോധവത്കരണം നടത്തി വരുന്നുണ്ട്. സൈബർ അപകടങ്ങൾ, അവയിലെ ചതിക്കുഴികൾ എന്നിവയെപ്പറ്റി വീഡിയോ, ചിത്രങ്ങൾ, പോസ്റ്ററുകൾ തുടങ്ങിയവ നിർമ്മിച്ച് സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചാരണം നടത്തുന്നുണ്ട്. |
| (ബി) | സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിൽ സംസ്ഥാനം എത്രത്തോളം നേട്ടം കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ തന്നെ, എല്ലാ ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും, രണ്ടിൽ കുറയാത്ത പോലീസ് ഓഫീസർമാർക്ക് പ്രത്യേക സൈബർ പരിശീലനം നൽകി സൈബർ കേസുകൾ തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനും മറ്റുമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഗൗരവമേറിയ കുറ്റാന്വേഷണങ്ങളിൽ സംസ്ഥാനത്തെ ക്രൈം ബ്രാഞ്ചിനെയും, ലോക്കൽ പോലീസിനെയും സൈബർ കേസുകളും മറ്റും കൈകാര്യം ചെയ്യുന്നതിന് സഹായിക്കാൻ പ്രത്യേക പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള ഹൈടെക് ക്രൈം എൻക്വയറി സെൽ പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. രാജ്യത്ത് ആദ്യമായി സൈബർ സുരക്ഷയെ സംബന്ധിച്ച |

| | | | |
|---|---|---|---|
| | | | സൈബർ ഗവേഷണത്തിനും, പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണത്തിനും മറ്റും പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ് ആയി തിരുവനന്തപുരത്തും, കൊച്ചിയിലും കോഴിക്കോട്ടും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സൈബർ ഡോമുകൾ പ്രവർത്തിച്ചുവരുന്നു. കേരള പോലീസിൽ ഒരു പ്രത്യേക വിഭാഗവും (CCSE-Counter Child Sexual Exploitation) കുട്ടികൾക്കെതിരായ കുറ്റകൃത്യം കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ ഫോറൻസിക് പരിശോധനക്കും മറ്റുമായി സ്റ്റേറ്റ് ഫോറൻസിക് ലബോറട്ടറികളിൽ സൈബർ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ